بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ

# Khuthba Summary 05.06.15 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

05.06.15 ന് ജർമ്മനിയിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

**ഹദ്റത്ത് മസീഹ് മൗഊദ്(അ)വിശ്വാസപരവും കർമപരവുമായ നിലയിൽ നമ്മെ ആക്കിത്തീർക്കാൻ ആഗ്രഹിച്ചതുപോലെ നമ്മൾ ആയിത്തീരട്ടെ. നമ്മുടെ ഭൂമിയും പുതിയതായിത്തീരട്ടെ. നമ്മുടെ ആകാശവും പുതിയതായിത്തീരട്ടെ. പുതിയ ഭൂമിയും പുതിയ ആകാശവും സൃഷ്ടിക്കുന്നതിൽ നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സഹായികളായിത്തീരട്ടെ.**

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹാ ഓതിയതിനും ശേഷം ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു:

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്ന് ജർമനി അഹ്മദിയ്യാ ജമാഅത്തിന്റെ ജൽസ സാലാന ആരംഭിക്കുകയാണ്. അഹ്മദിയ്യാ ജമാഅത്ത് സ്ഥാപിതമായിട്ടുള്ള ലോകത്തിലെ ഭൂരിപക്ഷ രാജ്യങ്ങളിലും ഈ ജൽസ സംഘടിപ്പിക്കൽ അഹ്മദിയ്യാ ജമാഅത്തിന്റെ സുപ്രധാനപരിപാടികളുടെ ഒരു ഭാഗമായി തീർന്നിട്ടുണ്ട്. ജൽസസാലാനയിൽ പങ്കെടുക്കുന്നതിനുവേണ്ടി ഇന്ത്യയിൽ വസിക്കുന്ന അഹ്മദികൾക്കുപോലും ഖാദിയാനിലെ ജൽസക്കുവേണ്ടി വരിക എന്നത് യാത്രാചെലവ് തുടങ്ങിയ കാരണങ്ങളാൽ വളരെ പ്രയാസമായിരുന്ന ഒരു കാലമുണ്ടായിരുന്നു. എന്നല്ല ചിലർക്ക് അത് സംഭാവ്യമേ അല്ലായിരുന്നു. ജൽസസാലാനയിൽ പങ്കെടുക്കുന്നതിനുവേണ്ടി വർഷം മുഴുവൻ കുറച്ചെന്തെങ്കിലും കൂട്ടിക്കൂട്ടിവെക്കാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞത് അതുകൊണ്ടാണ്. എന്നാൽ, ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ വികസിത രാജ്യങ്ങളിൽ എന്നല്ല വലിയ ജമാഅത്തുകളുള്ള രാജ്യങ്ങളിൽ സംഘടിപ്പിക്കുന്ന ജൽസകളിൽ പങ്കെടുക്കുന്നവരുടെ സ്വന്തം യാത്രാവാഹനങ്ങളുടേയും കാറുകളുടേയും എണ്ണം എത്ര അധികമാണെന്നുവച്ചാൽ സംഘാടകർക്ക് കാർ പാർക്കിംഗിനുവേണ്ടി പ്രത്യേകമായ സൗകര്യങ്ങൾ ചെയ്യേണ്ടതായിവരുന്നത് നമ്മൾ കാണുന്നു. നിങ്ങളുടെ പൂർവികരിൽ ഒരുപാടാളുകൾ വിഷമങ്ങളും ബുദ്ധിമുട്ടുകളും സഹിച്ച് ജൽസയിൽ പങ്കെടുക്കാൻ പോയിട്ടുള്ളവരായിട്ടുണ്ടാകും. ചിലർ എല്ലാ ജൽസകളിലും പങ്കെടുക്കണമെന്ന് ആഗ്രഹവും മോഹവുമുണ്ടായിട്ടും അതിന് ഒരിക്കലും സാധിക്കാതെ പോയവരുമുണ്ടാകും. എന്നാൽ, ഇത്ര യാത്രാ സൗകര്യങ്ങൾ ഉണ്ടായിട്ടും തൗഫീഖ് ലഭിച്ചിട്ടും സമൃദ്ധി കൈവന്നിട്ടും അത് നിങ്ങളെ അല്ലാഹുവിനോട് നന്ദിയുള്ളവരാക്കുന്നതിനും ഈമാനിൽ വർധന ഉണ്ടാക്കുന്നതിനും നിമിത്തമായിട്ടുണ്ടോ എന്ന് എപ്പോഴെങ്കിലും നിങ്ങളിലാരെങ്കിലും ചിന്തിച്ചിട്ടുണ്ടോ? നമ്മുടെ മുതിർന്നവർക്കുണ്ടായിരുന്ന ഈമാനിന്റേയും അവർക്ക് അല്ലാഹുവുമായിട്ടുണ്ടായിരുന്ന ബന്ധത്തിന്റേയും നിലവാരത്തിൽ നമ്മൾ എത്തിയിട്ടുണ്ടോ? അക്കാലഘട്ടത്തിലെ പുണ്യാത്മാക്കളിൽ ചിലർക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്തു ജീവിച്ചിരുന്നിട്ടും, ആ മഹാത്മാവിനെ വിശ്വസിച്ചിട്ടും ആഗ്രഹമുണ്ടായിട്ടും ഞാൻ പറഞ്ഞതുപോലെ സാമ്പത്തികശേഷി ഇല്ലാത്തകാരണത്താൽ യാത്ര ചെയ്ത് ഹദ്റത്ത് മസീഹു മൗഊദ്(അ)ന്റെ അടുത്തെത്താൻ കഴിഞ്ഞില്ല. പക്ഷേ, ഇന്ന് ഏതൊരു രാജ്യങ്ങളിൽ നടക്കുന്ന ജൽസയിലാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു ദാസനും ഖലീഫയും പങ്കെടുക്കുന്നത് അതിൽ പങ്കെടുക്കുന്നതിനുവേണ്ടി ജനങ്ങൾ മറ്റു രാജ്യങ്ങളിൽനിന്ന് ചെലവുചെയ്ത് എത്തുന്നു. എന്റെ മുമ്പിലും പല ആളുകളും ഇരിപ്പുണ്ട്. എന്നല്ല ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യത അറിയുന്നതിനുവേണ്ടി ആ മഹാത്മാവിൽ വിശ്വസിച്ചിട്ടില്ലാത്ത ആളുകളും അന്യരാജ്യങ്ങളിൽനിന്ന് വരുന്നു. ഇത് അല്ലാഹു അവസ്ഥകൾ മാറ്റുകയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശം ലോകത്ത് വേഗം വ്യാപിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു എന്ന കാര്യത്തിൽ നമുക്ക് സന്തോഷം പകരുന്നതോടൊപ്പം ആ പുണ്യാത്മക്കളുടെ മക്കൾക്ക് ആത്മപരിശോധന നടത്തേണ്ട ആവശ്യമുണ്ട് എന്നതിലേക്കും വിരൽ ചൂണ്ടുന്നു. അതായത് തങ്ങൾ അല്ലാഹുവുമായിട്ടുള്ള ബന്ധത്തിലും ഈമാനിലും അല്ലാഹുവിന്റെ കല്പനകൾ പാലിച്ച് നടക്കുന്നതിലും എവിടെയെത്തി നില്ക്കുന്നു എന്ന് ആത്മപരിശോധന നടത്തേണ്ടതാണ്. നമ്മുടെ കുടുംബത്തിൽ നമ്മുടെ പുണ്യാത്മാക്കളുടെ നന്മയുടെ നിലവാരങ്ങൾ നോക്കുമ്പോൾ നമ്മളിൽ ഇടിവുള്ളതായി കാണുന്നുവെങ്കിൽ നമ്മുടെ അവസ്ഥ ചിന്താർഹമാണ്. നമ്മൾ ദുൻയാവ് സമ്പാദിച്ചുകൊണ്ടിരിക്കുന്നുണ്ട്. പക്ഷേ, നമ്മുടെ ദീനിന്റെ കോളം കാലിയായിക്കൊണ്ടിരിക്കുന്നു. അത്തരം സന്ദർഭങ്ങളിൽ മനുഷ്യൻ ദുൻയാവിന്റെ ജീവിതമാർഗങ്ങളിൽ മുങ്ങിത്താന്ന് അല്ലാഹുവുമായിട്ടുള്ള ബന്ധം തികച്ചും അവസാനിക്കുകയും അല്ലാഹുവിന്റെ ദൃഷ്ടിയിൽനിന്ന് വീണ് ശയ്ത്വാന്റെ സഞ്ചിയിൽപ്പോയി പതിക്കുകയും ചെയ്യുന്ന ഒരു സമയം വന്നെത്താറുണ്ട്. അത്തരം ആളുകളുടെ ജൽസയിലുള്ള വരവ് ഒരു ചടങ്ങായിത്തീരുന്നു.

അതുകൊണ്ട് നമ്മളിൽ ഓരോരുത്തരുടേയും ജൽസയിൽ പങ്കെടുക്കൽ നമ്മുടെ പോരായ്മകൾ അടയാളപ്പെടുത്തി നമ്മുടെ ഉള്ളിൽ പരിവർത്തനമുണ്ടാക്കുന്നതാക്കിത്തീർക്കാൻ ശ്രമിക്കേണ്ടതാണ്. നമ്മെ അല്ലാഹുവിനോടു നന്ദിപ്രകടിപ്പിക്കുന്നതാക്കിത്തീർക്കേണ്ടതാണ്. നമ്മുടെ സമൃദ്ധി നമ്മെ അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ അനന്തരാവകാശികളാക്കേണ്ടതാണ്. നമ്മളും നമ്മുടെ മക്കളും ഒരിക്കലും ദൈവകോപത്തിന്നിരയാകാതിരിക്കാൻ എപ്പോഴും ദുആ ചെയ്യുകയും പരിശ്രമിക്കുകയും ചെയ്യണ്ടതാണ്. നമ്മൾ നമ്മുടെ

മഹാത്മാക്കളുടെ ആഗ്രഹങ്ങളുടേയും ദുആകളുടേയും അവകാശികളാകുമാറാകട്ടെ. ഇപ്രകാരംതന്നെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തിന് വിശാലത കിട്ടിക്കൊണ്ടിരിക്കുന്നു. ജമാഅത്ത് ലോകത്തിന്റ മുക്കിലും മൂലയിലും വ്യാപിച്ചുകൊണ്ടിരിക്കുന്നു. ജനമനസ്സുകളെ തുറന്നുകൊണ്ട് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ ചേരാൻ വടക്കുനിന്നും തെക്കുനിന്നും കിഴക്കുനിന്നും പടിഞ്ഞാറുനിന്നുമുള്ളവർക്ക് തൗഫീഖ് നല്കിക്കൊണ്ടിരിക്കുന്നു. തങ്ങളുടെ ഈമാനിനെ പ്രോജ്വലിപ്പിക്കുന്നതിനുവേണ്ടി ജമാഅത്തിൽ ചേരുന്നവരും അല്ലാഹുവുമായിട്ടുള്ള ബന്ധം ദൃഢതരമാക്കാൻ ആഗ്രഹിക്കുന്നവരും ഈ ജൽസയിൽ പങ്കെടുത്തുകൊണ്ട് തങ്ങളുടെ ഉദ്ദേശ്യം പൂർത്തീകരിക്കുന്നവരാകട്ടെ. അവരുടെ ഹൃദയം തുറക്കുകയും കൂടുതൽ തുറന്നുകൊണ്ടുപോകുകയും ചെയ്യാൻ അല്ലാഹു അനുഗ്രഹിക്കട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞിട്ടുള്ള ജൽസ സംഘടിപ്പിക്കുന്നതിന്റെ ഉദ്ദേശ്യങ്ങളിൽ ദൃഷ്ടിപ്പതിപ്പിക്കുക. അതായത് അല്ലാഹുവുമായിട്ടുള്ള ബന്ധവും നമ്മുടെ ജീവിതത്തെ ദൈവകല്പനയ്ക്കനുസരിച്ച് വാർത്തെടുക്കലും. നമ്മുടെ സഹോദരങ്ങളോടുള്ള കടമനിറവേറ്റുന്നതിലേക്കുള്ള ശ്രദ്ധയും അല്ലാഹുവിന്റെ സന്ദേശം ലോകത്ത് പ്രചരിപ്പിക്കുന്നതിനുവേണ്ടിയുള്ള ശ്രമവും. ഈ എല്ലാ കാര്യങ്ങളും നമ്മുടെ അവസ്ഥകൾ അല്ലാഹുവിന്റെ കല്പനയനുസരിച്ച് വാർത്തെടുക്കാനും ഒരു ത്യാഗം ചെയ്യാനും ആവശ്യപ്പെടുന്നു.

അതുകൊണ്ട് ഈ ജൽസ ഭൗതിക മേളയല്ല. ഭൗതികോദ്ദേശ്യങ്ങൾ കരസ്ഥമാക്കാനുള്ള മാർഗവുമല്ല. ഇവിടെ വരുന്നവർ ഒന്നാമതായി ദൈവസ്മരണയിലേക്ക് ശ്രദ്ധ നല്കിക്കൊണ്ടിരിക്കേണ്ടതാണ്. ഇത് അല്ലാഹുവുമായിട്ടുള്ള ബന്ധം വർധിപ്പിക്കുന്നതിനും അവന്റെ അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നതിനും അനിവാര്യമാണ്. അല്ലാഹു കല്പിച്ചിട്ടുള്ള നന്മകൾ കരസ്ഥമാക്കുന്നവരും സ്വായത്തമാക്കുന്നവരും അത് പിന്നീട് സ്ഥിരമായി നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കിത്തീർക്കുന്നവരും ആകുക എന്നതാണ് രണ്ടാമത് നമ്മൾ മനസ്സിൽവെക്കേണ്ടത്. ദിക്റെ ഇലാഹിയെ സംബന്ധിച്ച് ഇതും കൂടി പറയാനാഗ്രഹിക്കുകയാണ്. മജ്ലിസുകളിലിരുന്ന് ദിക്ർ ചെയ്യുന്നവർ, അത് അവരവരുടെ രീതിയിലാവട്ടെ വ്യക്തിപരമായ നിലയിൽ എല്ലാവരും ചെയ്യുന്നതാവട്ടെ കൂട്ടായ വർണം ഉൾക്കൊള്ളുന്നുണ്ട്. വ്യക്തിക്ക് അതിൽനിന്ന് ഫലമുണ്ടാകുന്നതോടൊപ്പം ജമാഅത്തിയായ നിലയിലും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നതിന് അത് മാർഗമാകുന്നു.

അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)നമ്മളോടു പറയുകയും നമ്മളിൽനിന്ന് പ്രതീക്ഷിക്കുകയും ചെയ്തതുപോലെ ജൽസയിൽ പങ്കെടുക്കുന്ന എല്ലാവരും ഈ ദിനങ്ങളെ കഴിച്ചുകൂട്ടേണ്ടതാണ്. അല്ലാഹുവിനോടുള്ള ബന്ധം ഉറപ്പുള്ളതാക്കുക. രണ്ടാമതായി അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള സ്നേഹംകൊണ്ട് നിങ്ങളുടെ മനസ്സുകൾ നിറയ്ക്കുക. നിങ്ങളുടെ സഹോദരങ്ങളുടെ വികാരങ്ങളേയും മനോഭാവങ്ങളേയും ശ്രദ്ധിക്കുക. ഇവിടെ ജൽസയിൽ വന്നിട്ട് ആരിലെങ്കിലും വൈരാഗ്യമുണ്ടെങ്കിൽ അത് അകറ്റാൻ ശ്രമിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരിടത്ത് പറയുന്നു, 'അല്പനാളത്തേക്കുള്ളതാണ് ഈ ലോകം. ഈ സ്ഥലം അവസാനം നശിക്കുന്നതാണ്. അതിനുള്ള സാധനസാമഗ്രികൾ അത് അതിന്റെ ഉള്ളിൽ കൂട്ടിവെച്ചിട്ടുണ്ട്. അത് അതിന്റെ ജോലി എടുത്തുകൊണ്ടിരിക്കുകയാണ്. പക്ഷേ, അറിയുന്നില്ലെന്നുമാത്രം! അതുകൊണ്ട് ദൈവത്തെ തിരിച്ചറിയുന്നതിലേക്ക് പെട്ടെന്ന് ചുവടുവക്കേണ്ടതാണ്. അല്ലാഹുവിന്റ നിർവൃതി അനുഭവിക്കുന്നവൻ അവനെ തിരിച്ചറിയുന്നവനാണ്. അവനിലേക്ക് സത്യസന്ധതയോടും കൂറോടുംകൂടി ചുവടുവയ്ക്കാത്തവന്റെ ദുആ വ്യക്തമായ നിലയിൽ സ്വീകരിക്കപ്പെടുകയില്ല. അന്ധകാരത്തിന്റെ ഏതെങ്കിലും അംശം അതിനോടു ചേർന്നിരിക്കുന്നു. അല്ലാഹുവിലേക്ക് അല്പം നീങ്ങുകയാണെങ്കിൽ അവൻ അതിനെക്കാൾ കൂടുതൽ നിങ്ങളിലേക്ക് നീങ്ങുന്നതാണ്. പക്ഷേ, നിർബന്ധമായും ഒന്നാമതായി നീക്കം ഉണ്ടാകേണ്ടത് നിങ്ങളിൽനിന്നാണ്.

വീണ്ടും പറഞ്ഞു, തങ്ങൾ നന്മകൾ ചെയ്തു, നമസ്കരിച്ചു, നോമ്പുപിടിച്ചു, ദാനധർമങ്ങൾ നല്കി, കഠനാധ്വാനവും (മുജാഹദ)ചെയ്തു എന്നിട്ടും തങ്ങൾക്കൊന്നും കിട്ടിയില്ല എന്ന് ചിലയാളുകൾ പരാതിപ്പെടാറുണ്ട്. അത്തരക്കാർ ഹതഭാഗ്യരാകുന്നു. അവർ അല്ലാഹുവിന്റെ പരിപാലനത്തിൽ വിശ്വസിക്കുന്നില്ല. എല്ലാ കർമങ്ങളും അല്ലാഹുവിനുവേണ്ടി ചെയ്തിട്ടുള്ളവരുമാകുകയില്ല. അല്ലാഹുവിനുവേണ്ടി എന്തെങ്കിലും പ്രവൃത്തി ചെയ്യുകയാണെങ്കിൽ അത് പാഴായിപ്പോകുക എന്നത് സംഭാവ്യമല്ല. അല്ലാഹു അവന്റെ പ്രതിഫലം അവന്റെ ജീവിതത്തിൽ നല്കാതിരിക്കുകയുമില്ല. അതുകൊണ്ട് അല്ലാഹുവുമായി ബന്ധം ഉണ്ടാക്കുന്നതിന് നമുക്ക് നിഷ്കളങ്കരായിക്കൊണ്ട് അവനെ ആരാധിക്കേണ്ടിയും വരും. അവന്റെ കല്പനകൾക്കനുസരിച്ച് കർമങ്ങൾ ചെയ്യേണ്ടിയും വരും. നമ്മുടെ കർമങ്ങൾ അല്ലാഹുവിന്റെ പ്രീതിക്കാണെങ്കിൽ നമ്മൾ അവന്റെ അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നവരാകും.

അതുകൊണ്ട് നമ്മൾ ആ മഹാത്മാവിന് ബയ്അത്ത് ചെയ്തിട്ടും ഇക്കാര്യങ്ങളിലേക്ക് ശ്രദ്ധിക്കുന്നില്ലെങ്കിൽ നമ്മൾ നമ്മുടെ ഉത്തരവാദം നിർവഹിക്കുന്നില്ല എന്നാണ് അതിനർഥം. തങ്ങളെ വിശ്വസിക്കുന്നവരിൽ വിപ്ലവം ഉണ്ടാക്കാനാണ് നബിമാർ വരുന്നത്. അവരുടെ അവസ്ഥകൾക്ക് തികച്ചും വ്യത്യസ്തമായ രൂപം നല്കുന്നതിനുവേണ്ടി. ഹദ്റത്ത് മസീഹ് മൗഊദ്(അ)നും അവിടന്ന് പുതിയ ഭൂമിയും പുതിയ ആകാശവും സൃഷ്ടിച്ചതായി അല്ലാഹു ജാഗ്രദർശനത്തിൽ കാണിച്ചുകൊടുത്തു. എന്നിട്ട് അവിടന്ന് പറഞ്ഞു, വരുവിൻ മനുഷ്യനെ സൃഷ്ടിക്കാം. ഈ പുതിയ ഭൂമിയും പുതിയ ആകാശവും സൃഷ്ടിക്കുക എന്നതും മനുഷ്യനെ സൃഷ്ടിക്കുക എന്നതും തന്നെവിശ്വസിക്കുന്നവരിൽ അവിടന്ന് വരുത്തേണ്ടതായ വിപ്ലവമായിരുന്നു. പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുക എന്നതിന്റെ പരിപൂർണവും തികവുറ്റതും എല്ലാത്തിനെക്കാളുപരിയുമായ പ്രകടനം നമ്മൾകണ്ടത് നബി(സ)തിരുമേനിയുടെ വ്യക്തിത്വത്തിലായിരുന്നു. അവിടന്ന് എങ്ങനെയാണ് പുതിയ ഭൂമിയും പുതിയ ആകാശവും സൃഷ്ടിച്ചത്. അതായത് ശത്രുക്കളെ ഏകദൈവവിശ്വാസത്തിൽ നിലനിറുത്തി. ഏകദൈവത്തെ നിഷേധിക്കുകയും ബിംബങ്ങളെ ആരാധിക്കുകയും ചെയ്തവർ അഹദ്

അഹദ് എന്നു പറഞ്ഞുകൊണ്ട് അക്രമം സഹിച്ചുകൊണ്ടിരുന്നു. അവർ തൗഹീദ് സ്ഥാപിക്കുന്നതിനുവേണ്ടി തങ്ങളുടെ ജീവൻകൊണ്ട് കൈകഴുകിയിരുന്നു. എന്നിട്ടും തൗഹീദിനെ നിഷേധിച്ചില്ല. ഈ മാറ്റവും പരിവർത്തനവുമായിരുന്നു നബി(സ)തിരുമേനി ഉണ്ടാക്കിയത്. സ്ത്രീകൾക്ക് അവരുടെ അവകാശങ്ങൾ കൊടുപ്പിച്ചു. അവരുടെ ആദരവ് സ്ഥാപിച്ചു. സമൂഹത്തിൽ അവർക്കൊരു സ്ഥാനം നല്കി. സ്ത്രീകൾക്ക് ഒരു മാന്യതയും നല്കാതിരുന്ന ഒരു സമൂഹത്തിൽ ഇതൊരു വലിയ കാര്യമായിരുന്നു. എന്നല്ല ഇപ്പോഴും അത് നിലനില്ക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: മൃഗങ്ങളെക്കാൾ മോശമായ മനുഷ്യരെ മനുഷ്യരാക്കുകയും പിന്നീട് വിദ്യാസമ്പന്നരായ മനുഷ്യരാക്കുകയും പിന്നീട് ദൈവമനുഷ്യരാക്കുകയും ചെയ്തു. നബി(സ)തിരുമേനിയിൽനിന്ന് വെളിപ്പെട്ട മഹത്തായൊരു മുഅ്ജിസത്തായിരുന്നു അത്. ഈ ദൈവമനുഷ്യർ എല്ലാ ജോലികളും അല്ലാഹുവിന്റെ പ്രീതിക്കായിട്ട് ചെയ്യാൻ തുടങ്ങി. അതിനാൽ ഇതായിരുന്നു നബി(സ)തിരുമേനി സൃഷ്ടിച്ച പുതിയ ഭൂമികളും പുതിയ ആകാശവും. ഇക്കാലഘട്ടത്തിൽ അവിടത്തെ സത്യസന്ധനായ ദാസനോട് പുതിയ ഭൂമിയും പുതിയആകാശവും സൃഷ്ടിക്ക എന്ന് അല്ലാഹു പറഞ്ഞു. നബി(സ)തിരുമേനിയുടെ കാലഘട്ടത്തിൽ ഉണ്ടായിരുന്ന മുസ്ലീംകളുടെ അവസ്ഥകൾ, അല്ലെങ്കിൽ അവരുടെ ആത്മീയവും ധാർമികവുമായ അവസ്ഥകളാണോ ഇപ്പോഴുള്ളത്? അല്ല. പ്രത്യുത നബി(സ)തിരുമേനി വരുന്നതിനുമുമ്പേയുണ്ടായിരുന്ന ആ ജഹാലത്താണ് ഇവിടെ പുതിയതായി ഉണ്ടായിക്കഴിഞ്ഞിട്ടുള്ളത്. അതുകൊണ്ടാണ് അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് മസീഹ് മൗഊദിനേയും മഹ്ദിയെ മൗഊദിനേയും അയച്ചത്. മുസ്ലീംകൾ തൗഹീദിനുവേണ്ടി ജീവൻ നല്കിയിരുന്ന ഒരു കാലമുണ്ടായിരുന്നു. എല്ലാ തരത്തിലുള്ള ത്യാഗങ്ങളും അവർ ചെയ്തിരുന്നു. ഇസ്ലാമിനെ അവർ വ്യാപിപ്പിച്ചു. ലോകത്ത് വ്യക്തമായൊരു മാറ്റമുണ്ടായി. എന്നാൽ, ഇപ്പോൾ മുസ്ലീംകൾ തൗഹീദിനുപകരം ഖബ്റുകൾക്ക് സുജൂദ് ചെയ്യുന്നു. മരിച്ചവരോട് ആവശ്യങ്ങൾ ചോദിക്കുന്നു. ശിർക്കിൽ അകപ്പെട്ടു കിടക്കുന്നു. 'ലാ ഇലാഹ ഇല്ലല്ലാഹ്' ഇപ്പോഴുമുണ്ട്. പക്ഷേ, അതിപ്പോൾ ഒരു മാറ്റവും ഉണ്ടാക്കുന്നില്ല. അതിനുകാരണം അതറിയുന്നവർ അതിന്റെ ഉദ്ദേശ്യമോ വിശ്വസിക്കുന്നവർ അതിന്റെ ഉദ്ദേശ്യമോ പൊരുളോ അറിയുന്നവരല്ല എന്നതാണ്. അവർ പേരിനുമാത്രം മുസ്ലീംകളാണ്. അഞ്ചുനേരം ദാസത്വത്തെ ബാഹ്യമായ നിലയിൽ അംഗീകരിക്കുന്നവരുമുണ്ട്. നമസ്കാരത്തിലും ബാങ്കിലും തൗഹീദിന് സാക്ഷ്യം പറയുന്നു. പക്ഷേ, പ്രവർത്തികൾ ശിർക്കുപരമാണ്.

അത്തരം നേരത്ത് പുതിയ ഭൂമിയും പുതിയ ആകാശവും സൃഷ്ടിക്കാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)വരേണ്ടത് നിർബന്ധമായിരുന്നു. അവിടന്ന് ഒരു വിപ്ലവം ഉണ്ടാക്കിക്കാണിക്കുകയും ചെയ്തു. അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)എങ്ങനെ പുതിയ ഭൂമികളും പുതിയ ആകാശവും സൃഷ്ടിച്ചു എന്നതിന് നമ്മൾ തെളിവ് കൊടുക്കണമെങ്കിൽ അതിന്റെ ഏറ്റവും വലിയ തെളിവ് നമ്മുടെ വ്യക്തിത്വമായിരിക്കണം. നമ്മുടെ മുൻഗണന തൗഹീദിന്റെ സ്ഥാപനമായിരിക്കേണ്ടതാണ്. അല്ലാഹുവുമായിട്ടുള്ള ബന്ധം വർധിപ്പിക്കുന്നതിനും അല്ലാഹുവിന്റെ കല്പന അനുസരിച്ച് പ്രവർത്തിക്കുന്നതിനും നമ്മൾ പൂർണമായും ശ്രമിക്കേണ്ടതാണ്. സൃഷ്ടികളോടുള്ള കടമ നിറവേറ്റുന്നതിലേക്ക് നമ്മുടെ ശ്രദ്ധ ഉണ്ടാവേണ്ടതാണ്. നമ്മൾ വെറും വിശ്വാസാടിസ്ഥാനത്തിൽ മാത്രം ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അംഗീകരിക്കുന്നവരാകാതെ കർമപരമായ മാറ്റങ്ങളും നമ്മുടെ ഉള്ളിൽ കാണാൻ കഴിയണം. മുഅ്മിന്റെ മനസ്സ് ഭൂമിപോലെയാണെന്ന് നബി(സ)തിരുമേനി പറയുകയുണ്ടായി. അതുകൊണ്ട് സ്വന്തം മനസ്സുകളെ വിശ്വാസാടിസ്ഥാനത്തിൽ മാത്രമല്ല പ്രത്യുത കർമങ്ങളുടെ അടിസ്ഥാനത്തിലും ഫലപ്രദമാക്കേണ്ടതാണ്. നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചത് അല്ലാഹു നമ്മുടെമേൽ ചെയ്ത ഔദാര്യമാണ്. നമ്മുടെ കർമങ്ങളെ ഹദ്റത്ത് മസീഹ് മൗഊദ്(അ)മുഖേന നന്നാക്കാനും നമ്മുടെ കൈകളാൽ ഭൂമിയെ ശരിയാക്കാനും അല്ലാഹു ആഗ്രഹിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേന അല്ലാഹു നമുക്ക് മാർഗം പറഞ്ഞുതന്നിരിക്കുന്നു. അതിനെ പ്രയോഗത്തിൽകൊണ്ടുവരേണ്ടത് നമ്മുടെ ജോലിയാണ്. ഈ ജോലി യഥാർഥത്തിൽ നമ്മൾ ചെയ്യുന്നുണ്ടോ? എന്ന് നമ്മൾ ഇപ്പോൾ നോക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് പറയുന്നു: ജനങ്ങളുടെ അവസ്ഥ ഇങ്ങനെയായിക്കൊണ്ടിരിക്കുന്നത് ഞാൻ കാണുന്നു. അതായത് അവർ മാർഗങ്ങൾ സ്വീകരിക്കുന്നുണ്ട്. എന്നാൽ, ദുആയിൽ അശ്രദ്ധ കാണിക്കുന്നു. എന്നല്ല ഭൗതിക മാർഗങ്ങളെ പൂജിക്കുന്നത് എത്രമാത്രം വർധിച്ചിരിക്കുന്നുവെന്നാൽ മാർഗങ്ങൾ ലോകത്തെ ദൈവമാക്കിയിരിക്കുകയാണ്. ദുആയെ പരിഹസിക്കുന്നു. അതിനെ ഒരു പാഴ്വസ്തുവായിട്ടാണ് പറയുന്നത്. ഇത് ഭയാനകമായ വിഷമാണ്. അത് ഇന്ന് ലോകത്ത് വ്യാപിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ, ഈ വിഷം അകറ്റാൻ അല്ലാഹു ആഗ്രഹിക്കുന്നു. ഈ ജമാഅത്ത് അവൻ അതുകൊണ്ടാണ് സ്ഥാപിച്ചത്. ലോകം അല്ലാഹുവിനെ തിരിച്ചറിയാനും ദുആയുടെ യാഥാർഥ്യത്തേയും അതിന്റെ ശക്തിയേയും കുറിച്ച് അറിയിപ്പ് ലഭിക്കാനുംതന്നെ.

അതിനാൽ ഈ ഉദ്ദേശ്യം എല്ലാ അഹ്മദികളും തങ്ങളുടെ മുമ്പിൽ വെക്കേണ്ടതാണ്. അതു മുന്നിൽവെച്ചുകൊണ്ട് തങ്ങളുടെ അല്ലാഹുവുമായിട്ടുള്ള ബന്ധം വർധിപ്പിക്കേണ്ട ആവശ്യമാണുള്ളത്. പിന്നീട് അവിടന്ന് പറഞ്ഞു, ഈ കാലവും ആത്മീയമായ യുദ്ധത്തിന്റേതാണ്. ശയ്ത്വാനുമായിട്ട് യുദ്ധം തുടങ്ങിക്കഴിഞ്ഞിരിക്കുന്നു. ശയ്ത്വാൻ തന്റെ എല്ലാ ആയുധങ്ങളും തന്ത്രങ്ങളും എടുത്തുകൊണ്ട് ഇസ്ലാമിന്റെ കോട്ടയ്ക്കുമേൽ ആക്രമണം നടത്തുന്നു. ഇസ്ലാമിനെ പരാജയപ്പെടുത്താൻ അവൻ ആഗ്രഹിക്കുന്നു. എന്നാൽ, അല്ലാഹു ഇപ്പോൾ ശയ്ത്വാനുമായിട്ടുള്ള അവസാന പോരാട്ടത്തിൽ അവനെ എന്നെന്നേക്കുമായി പരാജയപ്പെടുത്തുന്നതിനുവേണ്ടി ഈ ജമാഅത്ത് രൂപീകരിച്ചിരിക്കുന്നു.

അതുകൊണ്ട് ആത്മീയമായ യുദ്ധത്തിനുവേണ്ടി എല്ലാ അഹ്മദികളും പരിശ്രമിക്കുകയും മുന്നോട്ടുകുതിക്കുകയും ചെയ്യേണ്ട ആവശ്യമുണ്ട്. ഇത് നമ്മൾ നമ്മുടെ ആത്മീയതയുടെ പുതിയ ഭൂമിയും പുതിയ ആകാശവും ഉണ്ടാക്കാത്തിടത്തോളം സാധ്യമല്ല. ശയ്ത്വാനെ പരാജയപ്പെടുത്തുന്നതി

നുവേണ്ടി ഈ ജമാഅത്ത് രൂപീകരിച്ചിരിക്കുന്നു എന്ന് അവിടന്ന് പറഞ്ഞുകൊണ്ട് തന്നെ വിശ്വസിക്കുന്ന എല്ലാവരിലും ആത്മീയതയിൽ അഭിവൃദ്ധിപ്പെട്ട് ശയ്ത്വാനെ നേരിടുക എന്ന ഉത്തരവാദം ഇട്ടിരിക്കുന്നു. മനുഷ്യരോടുള്ള കടമകൾ നിറവേറ്റുന്നതിന്റെ നിലവാരങ്ങൾ കരസ്ഥമാക്കാൻ പിന്നീട് പറയുകയുണ്ടായി. ഇതിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് പറഞ്ഞു: നല്ലവണ്ണം ഓർക്കുക, അല്ലാഹുവിന്റെ രണ്ടു കല്പനകളുണ്ട്. ഒന്ന് അവനോടു ഒന്നിനേയും പങ്കുചേർക്കാതിരിക്കുക എന്നതാണ്. അല്ലാഹുവിന്റെ ദാത്തിലും സിഫാത്തിലും ഇബാദാത്തുകളിലും(പങ്കുചേർക്കാതിരിക്കുക). രണ്ടാമത്തേത് മനുഷ്യകുലത്തോടു സഹതാപം കാണിക്കുക എന്നതാണ്. നന്മ കൊണ്ടുദ്ദേശിക്കുന്നത് തങ്ങളുടെ സഹോദരങ്ങളോടും ബന്ധുക്കളോടും മാത്രം ചെയ്യുക എന്നതല്ല. പ്രത്യുത ആരോടാണെങ്കിലും ചെയ്യുക എന്നാണ്. ആദംമക്കളോടും അല്ലാഹുവിന്റെ സൃഷ്ടികളിൽ ആരായാലും വേണ്ടില്ല. ഹിന്ദുവാണ് അല്ലെങ്കിൽ ക്രിസ്ത്യാനിയാണ് എന്ന് ചിന്തിക്കാൻ പാടില്ല. ഞാൻ നിങ്ങളോട് സത്യമായും പറയുന്നു: നിങ്ങളുടെ നീതി അല്ലാഹു തന്റെ കൈയിലെടുത്തിരിക്കുന്നു. നിങ്ങൾ സ്വയം അതു ചെയ്യാൻ അല്ലാഹു ആഗ്രഹിക്കുന്നില്ല. (അതായത് സ്വയം പകരംവീട്ടാൻ ശ്രമിക്കാതിരിക്കുക). എത്രത്തോളം മൃദുലഭാവം കൈക്കൊള്ളുമോ എത്രത്തോളം വിനയവും എളിമയും സ്വീകരിക്കുമോ അല്ലാഹു അത്രത്തോളം സന്തോഷിക്കുന്നതാണ്. നിങ്ങളുടെ ശത്രുക്കളെ നിങ്ങൾ അവന് ഏല്പിച്ചുകൊടുക്കുക.

നമ്മൾ നമ്മുടെ എല്ലാ കടമകളും നിറവേറ്റുന്നവരാകാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ)വിശ്വാസപരവും കർമപരവുമായ നിലയിൽ നമ്മെ ആക്കിത്തീർക്കാൻ ആഗ്രഹിച്ചതുപോലെ നമ്മൾ ആയിത്തീരട്ടെ. നമ്മുടെ ഭൂമിയും പുതിയതായിത്തീരട്ടെ. നമ്മുടെ ആകാശവും പുതിയതായിത്തീരട്ടെ. പുതിയ ഭൂമിയും പുതിയ ആകാശവും സൃഷ്ടിക്കുന്നതിൽ നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സഹായികളായിത്തീരട്ടെ. അല്ലാഹു ഈ ജൽസയേയും എല്ലാവിധത്തിലും അനുഗൃഹീതമാക്കട്ടെ. ഇവിടെ വരുന്നവർ കണക്കറ്റ അനുഗ്രഹങ്ങൾ സ്വരുക്കൂട്ടുന്നവരായിത്തീരട്ടെ. ജൽസയിലെ പരിപാടികൾ നിങ്ങൾ സശ്രദ്ധം കേൾക്കുക. നിങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കാൻ ശ്രമിക്കുക. എല്ലാ പ്രസംഗങ്ങളും എല്ലാ പരിപാടികളും വളരെ നല്ലതാകുന്നു. അല്ലാഹു എല്ലാവർക്കും അതിന് തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ.

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis** (atba)
at Germany – on 05.06.15
Malayalam Translation : Mau.Mohammad Ismaeel, For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath,Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala